**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2813** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഡീസാലിനേഷൻ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം എന്ന സ്ഥലത്ത് ഒരു പൈലറ്റ് പ്രോജക്ടായി 10 MLD ശേഷിയുള്ള സമുദ്രജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>മെക്കാനിക്കൽ വേപ്പർ കംപ്രഷൻ (Mechanical Vapour Compression - MVC) സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ പ്ലാന്റ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (DER) തയ്യാറായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 215 കോടി രൂപ നിർമ്മാണ ചെലവും, പ്രതിവർഷം 14.80 കോടി രൂപ പ്രവർത്തന-പരിപാലന (O&M) ചെലവുമാണ് കണക്കാക്കുന്നത്.<br>പദ്ധതിക്കായി എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ മുനമ്പം ഭാഗത്ത് കുഴുപ്പിള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 റീസർവ്വേ 12/2-ൽ പടിഞ്ഞാറുള്ള 60 സെന്റ് (24.28 ആർ) ഭൂമി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) കണ്ടെത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി കഡാസ്ട്രൽ സർവേയ്ക്ക് പുറത്തായതിനാൽ, ഈ ഭൂമി സർവ്വേ ചെയ്ത് കുഴുപ്പിള്ളി വില്ലേജിലേക്ക് കൂട്ടിചേർക്കുന്നതിനായി കേരള സർവ്വേ ആൻഡ് ബൌണ്ടറീസ് ആക്റ്റ് (37 of 1961) കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്റ്റ് സെക്ഷൻ 4 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ എറണാകുളം ജില്ലാ കളക്ടർ അസിസ്റ്റന്റ് ഡയറക്ടർ തൃക്കാക്കരയ്ക്ക (റീസർവ്വേ) നിർദ്ദേശം നൽകിയതിനെ തുടർന്ന് റീസർവ്വേ വിഭാഗം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധനകൾ നടത്തി 29.9.2025 തീയതിയിൽ അതിരുകൾ നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചു. നിലവിൽ സർവ്വേ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി, ഈ ഭൂമിക്ക് ബ്ലോക്ക് നമ്പർ 1-ൽ സർവ്വേ നമ്പർ 251 എന്ന് നൽകുകയും 2026 ജനുവരി 13-ന് ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എപ്പോഴത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് തീരുമാനം കൈകൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ